14-ാം കേരള നിയമ സഭ

5-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 604 — 24.05.2017-ൽ മറുപടിയ്ക്ക്

## സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി.കോഴ്സിന്റെ ഫീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി. സജീന്ദ്രൻ :<br>ശ്രീ. റോജി എം. ജോൺ :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ.അനിൽ അക്കര : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ക്രിസ്ത്യൻ മാനേജുമെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ പി.ജി.കോഴ്സിന് എത്ര രൂപ ഫീസ് ഈടാക്കാനാണ് മാനേജുമെന്റുകൾക്ക് സർക്കാർ അനുമതി നൽകിയത്; ക്ലിനിക്കലും നോൺ-ക്ലിനിക്കലും കോഴ്സുകളുടെ ഫീസ് നിരക്ക് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; | (എ) ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിൽ 2017-18 വർഷങ്ങളിൽ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെ പറയുന്ന നിരക്കിലുള്ള ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്<br><br>പി.ജി. ഡിഗ്രി ക്ലിനിക്കൽ — 14,00,000/-<br>പി.ജി. ഡിഗ്രി നോൺ ക്ലിനിക്കൽ — 8.5 ലക്ഷം<br>പി.ജി. ഡിപ്ലോമ ക്ലിനിക്കൽ — 10.50 ലക്ഷം<br>പി.ജി. ഡിപ്ലോമ നോൺ-ക്ലിനിക്കൽ — 6.40 ലക്ഷം<br>എൻ.ആർ.ഐ — 35 ലക്ഷം |
| (ബി) 2016ൽ സർക്കാർ സീറ്റിലും മാനേജ്മെന്റ് സീറ്റിലും എൻ.ആർ.ഐ സീറ്റിലും എത്ര രൂപയായിരുന്നു മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ഈടാക്കിയിരുന്നത്;<br><br>(സി) 2015 അദ്ധ്യയനവർഷം ഇത് യഥാക്രമം എത്ര രൂപയായിരുന്നു; | (ബി) & (സി) 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ ക്രിസ്ത്യൻ മാനേജ്മെന്റിന് കീഴിലുള്ള സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ക്ലിനിക്കൽ, നോൺ ക്ലിനിക്കൽ കോഴ്സുകളിൽ താഴെ പറയുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുണ്ട്.<br><br>**(ജനറൽ മെറിറ്റ്**<br>പി.ജി. (ഡിഗ്രി) ക്ലിനിക്കൽ — 6,50,000/-<br>പി.ജി. (ഡിഗ്രി) നോൺ-ക്ലിനിക്കൽ — 2,60,000/-<br>പി.ജി. ഡിപ്ലോമ ക്ലിനിക്കൽ — 4,90,000/- |

| | | | |
|---|---|---|---|
| | | | 50% മാനേജ്മെന്റ് ക്വാട്ടയിലേക്ക് യഥാക്രമം 17,50,000/-, 10,00,000/-, 5,00,000/- എന്നിങ്ങനെ പി.ജി, എം.ഡി, എം.എസ് കോഴ്സനുസരിച്ച് ഫീസ് നിശ്ചയിച്ചിരുന്നു. |
| (ഡി) | ഫീസിൽ വൻ വർദ്ധനവാണ് വരുത്തിയതെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; ഉയർന്ന ഫീസ് നടപ്പിലാക്കുവാൻ ഉണ്ടായ സാഹചര്യമെന്താണ്; ഇത് സാധാരണക്കാരായ വിദ്യാർത്ഥികളെ എങ്ങനെ ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | മുൻ വർഷങ്ങളിലെ ഫീസിന് ആനുപാതികമായിട്ടാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. സുപ്രീം കോടതി ഉത്തരവിന്റെയും കേന്ദ്രസർക്കാരിന്റെയും നിർദ്ദേശങ്ങൾ പ്രകാരം NEET പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന മെറിറ്റ് ലിസ്റ്റിൽ നിന്നും കോമൺ കൗൺസിലിംഗ് മുഖേനയാണ് പി.ജി. പ്രവേശനം നടത്തേണ്ടത്. സർക്കാർ ക്വാട്ട, മാനേജ്മെന്റ് ക്വാട്ട എന്ന വേർതിരിവ് ഇല്ലാതെ പ്രവേശനം നടത്തേണ്ടതിനാലും ക്രോസ് സബ്സിഡി പാടില്ലാത്തതിനാലുമാണ് ഏകീകൃത ഫീസ് നിശ്ചയിക്കുവാൻ സർക്കാർ നിർബന്ധിതമായത്. |
| (ഇ) | മറ്റ് സ്വാശ്രയ മാനേജ്മെന്റുകളുമായി പി.ജി.സീറ്റുകളുടെ ഫീസിന്റെ കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ടോ; അവർക്കും ഈ നിലവാരത്തിലുള്ള ഫീസ് ഈടാക്കാൻ അനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ? | (ഇ) | ചർച്ച നടത്തിയിട്ടുണ്ട്. മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കും സമാനമായ ഫീസ് നിരക്കാണ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**